**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 113 08.02.2016 ലെ മറുപടിക്ക്**

**"കാരുണ്യ ബനവലന്റ് പദ്ധതി"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) | |
| (എ) | കാരുണ്യ ബനവലന്റ് പദ്ധതിയിൽ അപേക്ഷ നൽകിയവരിൽ നിന്നും ഉത്തരവിന് കാത്ത് നിൽക്കാതെ ആശുപത്രി അധികൃതർ ബില്ലടയ്ക്കാൻ നിർബന്ധിക്കുന്നതായും ബ്ലാങ്ക് ചെക്കുകൾ വാങ്ങിവെക്കുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | കാരുണ്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടും ആശുപത്രി ബില്ലടയ്ക്കേണ്ടി വന്ന എത്ര പേർക്ക് തുക തിരിച്ച് (റീഇമ്പേർസ് ) നൽകാനുണ്ട്; | (സി) | നിലവിലുള്ള അപേക്ഷകളിൽ 737 അപേക്ഷകൾക്കാണ് റീ ഇംബേഴ്സ്മെന്റ് നൽകാനുള്ളത് |
| (ഡി) | റീ ഇമ്പേർസ് ചെയ്യുന്നതിലെ കാല താമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ഡി) | ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലും രോഗിയുടെ പേരിലുള്ള ബാങ്ക് പാസ്ബുക്ക് കോപ്പിയും ഡിസ്ചാർജ്ജ് സമ്മറിയും, രോഗി മരണപ്പെട്ട സാഹചര്യത്തിൽ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, അഫിഡവിറ്റ് എന്നിവ റീം ഇംബേഴ്സ്മെന്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അപേക്ഷ പരിശോധിക്കുന്ന മുറയ്ക്ക് പൂർണ്ണമല്ലാത്ത അപേക്ഷകളെ സംബന്ധിച്ച് അപേക്ഷകനെ അറിയിക്കുകയും പൂർണ്ണമായ അപേക്ഷ ലഭി |

| | | | |
|---|---|---|---|
| | | | ക്കുന്ന മുറയ്ക്ക് അത് പരിശോധിക്കുക യുമാണ് ചെയ്യുന്നത്. ഇപ്രകാരം വളരെയധികം അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭിക്കേണ്ട തുണ്ട്. അതുപോലെ ആശുപത്രി കളിൽ നിന്നും റീഫണ്ട് തുക ലഭിക്കാനുമുണ്ട്. മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പാലിക്കേണ്ടതു കൊണ്ടാണ് റീഇംബേഴ്സ്മെന്റ് തുക അനുവദിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (ഇ) | തുക എന്നത്തേയ്ക്ക് മടക്കി നൽകാനാ കുമെന്ന് വിശദമാക്കാമോ? | (ഇ) | ആവശ്യമായ രേഖകൾ ലഭിച്ചാൽ ഉടൻ തന്നെ തുക മടക്കി നൽകുന്നതാണ്. |

Jeyesh

**സെക്ഷൻ ഓഫീസർ.**